നമ്പർ: എ.ഡി.എൽ(5)58888/2008 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 08.01.2009

## സർക്കുലർ നമ്പർ : 1/2009

വിഷയം:- സഹകരണ വകുപ്പ് -"സഹകരണ നവരത്നം കേരളീയം"-കുടിശ്ശിക നിവാരണം - "ശതശതമാനം കേരളീയം - നഷ്ട നിവാരണം കേരളീയം 2009" - മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നത്സംബന്ധിച്ച്

സൂചന:- 31.12.2008 - ൽ ബഹു. സഹകരണ കയർ ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.

................

"സഹകരണ നവരത്നം കേരളീയ" - ത്തിന്റെ ഭാഗമായ "ശതശതമാനം കേരളീയം നഷ്ട നിവാരണം കേരളീയം 2009" - **പദ്ധതി 2009 ഫെബ്രുവരി 1 മുതൽ 28 വരെ** സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും കാർഷിക/കാർഷികേതര വായ്പാ വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രാഥമിക/ ജില്ലാ/സംസ്ഥാന(അപ്പക്സ്) തലങ്ങളിൽ എല്ലാ വിഭാഗത്തിലുംപ്പെടുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ടി പദ്ധതിയുടെ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും ഇതോടൊപ്പം പുറപ്പെടുവിക്കുന്നു. ഈ അവസരം പരമാവധി ഉപയോഗിച്ച് എല്ലാ തലങ്ങളിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരവരുടെ നിഷ്ക്രിയ ആസ്തി അപകടകരമായ അവസ്ഥയിൽ നിന്ന് കുറച്ചു കൊണ്ടു വരുന്നതിനും സഹകരണ മേഖലയിലെ വായ്പാവിതരണം തടസ്സമില്ലാതെ തുടർന്നുകൊണ്ടു പോകുന്നതിന് ഈ പദ്ധതി അത്യന്താപേക്ഷിതമാണ്. ഈ അവസരത്തിൽനൽകുന്ന ആനുകൂല്യങ്ങൾ വായ്പാ കുടിശ്ശികക്കാർ പരമാവധി ഉപയോഗപ്പെടുത്താൻ ആവശ്യമായ പ്രചാരവും, സാഹചര്യവും സൃഷ്ടിക്കാൻ സഹകരണ വകുപ്പു തലത്തിലും സഹകരണസംഘങ്ങളുടെ ഭാഗത്തും ശ്രമം ഉണ്ടാകേണ്ടതാണ്.

**മാർഗ്ഗ നിർദ്ദേശങ്ങൾ :**

1) 2009 ഫെബ്രുവരിമാസം വായപാകുടിശ്ശികനിവാരണമാസമായി ആചരിക്കേണ്ടതാണ്.

2) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 31.12.2008 ൽ നിലനിൽക്കുന്ന കുടിശ്ശിക കണക്ക്, സഹകരണ സംഘം/ബാങ്ക് താലൂക്ക്, ജില്ലാ, സംസ്ഥാനം എന്നീ ക്രമത്തിൽ 10.01.2009 - നുമുമ്പ് കണക്കാക്കി ക്രോഡീകരിയ്ക്കേണ്ടതും ടി തുകയിൽ, 80% - ൽ കുറയാതെ പിരിച്ചെടുക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്ക്കരിയ്ക്കേണ്ടതുമാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ദൈനംദിനമുള്ള ലക്ഷ്യം മുൻകൂർകണക്കാക്കി ആയത് അടിസ്ഥാനമാക്കി പദ്ധതി പുരോഗതിവിലയിരുത്തി ലക്ഷ്യം നേടുന്നതിന് എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും തീവ്രശ്രമം നടത്തേണ്ടതാണ്.

3) 2009 ലെ പദ്ധതി കാലയളവിൽ വായ്പ തിരിച്ചടക്കുന്നവരെ രണ്ടു തട്ടുകളിലായി തരം തിരിച്ച് താഴെപ്പറയുന്ന പ്രകാരം ഇളവുകൾ അനുവദിച്ചു നൽകേണ്ടതാണ്.

i) അഞ്ചു ലക്ഷം രൂപാ വരെയുള്ള വായ്പകൾക്ക് വായ്പയുടെ മുതലിനോടൊപ്പം വായ്പയെടുക്കുന്ന സമയത്ത് വായ്പാ കാലപരിധിയിൽ സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘത്തിൽ നിലനിൽക്കുന്ന നിക്ഷേപ പലിശയും അതിനോടൊപ്പം ആകെ പലിശയുടെ 10% തുക കൂടി എസ്റ്റാബ്ളിഷ്മെന്റുകൾ ഇനത്തിൽ ഈടാക്കാവുന്നതാണ്. എന്നാൽ ഈടാക്കുന്ന പലിശ യാതൊരു കാരണവശാലും മുതലിനേക്കാൾ അധികരിക്കാൻ പാടില്ല. കൂടാതെ ഒരു ലക്ഷം രൂപാവരെയുള്ള വായ്പകൾക്ക് പലിശയും പലിശ തുകയുടെ 10% വും കൂട്ടിയതിനുശേഷമുള്ള തുകയുടെ 4% വും, ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് 2%വും പ്രത്യേക ഇളവായി അനുവദിക്കേണ്ടതാണ്.

ii) 5 ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് മുതലും, പരമാവധി മുതലിന് തുല്യം പലിശയും പലിശയുടെ 50% ഭരണചിലവും കൂടി ചേർത്ത തുക അല്ലെങ്കിൽ വായ്പ എടുത്ത കാലത്ത് വായ്പ തുകയ്ക്ക് സമാനമായ കാലപരിധിയിലെ നിക്ഷേപ തുകയ്ക്ക് നൽകുന്ന പലിശ നിരക്കിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന പലിശ തുകയും 10% ഭരണ ചെലവും കൂടിയുള്ള തുക ഏതാണോ കുറവ് അതായിരിക്കണം ഈടാക്കേണ്ടത്.

4) വായ്പാകാലാവധി കഴിയാത്തതും എന്നാൽ തവണകൾമുടക്കംവരുത്തിയതുമായ വായ്പകളിലെ കുടിശ്ശികയായ തുക മൊത്തമായി നിലവിലുള്ള പലിശ നിരക്കിൽ പിഴപലിശ ഒഴിവാക്കി അടച്ചുതീർക്കാൻ അവസരംനൽകേണ്ടതാണ്. പിന്നീടുള്ള തവണകൾ ബോണ്ട്/കരാർ വ്യവസ്ഥ പ്രകാരം വായ്പാ കാലാവധിക്കുള്ളിൽ അടച്ചുതീർക്കേണ്ടതാണ്. ഇപ്രകാരം ആനുകൂല്യംലഭിക്കുന്ന വായ്പകൾക്ക് പിന്നീട് കുടിശ്ശിക വരുത്തിയാൽ യാതൊരു ഇളവും അനുവദിക്കുന്നതല്ല. 2008 ഫെബ്രുവരി മാസം നടന്ന ശതശതമാനം കുടിശ്ശികനിവാരണ പരിപാടിയിൽ ഇപ്രകാരം വായ്പാകാലാവധി കഴിയാത്തതും എന്നാൽ തവണകൾ കുടിശ്ശിക അടച്ചു കുടിശ്ശികതീർത്ത വായ്പകളെ 2009 ലെ പദ്ധതിയിൽപരിഗണിക്കേണ്ടതില്ല.

5) വായ്പ കരാർ വ്യവസ്ഥ പൂർണ്ണമായി പാലിച്ചുകൊണ്ട് തവണ തുക കൃത്യമായി തിരിച്ചടക്കുന്ന വായ്പക്കാരന് വായ്പാക്കണക്ക് അവസാനിപ്പിക്കുമ്പോൾ ആകെ അടച്ച പലിശ തുകയുടെ 7%വും ഇളവ് അനുവദിക്കേണ്ടതാണ്.

6) സർക്കുലറിലെ മാർഗരേഖകൾക്കു പുറമേ സഹകരണസംഘങ്ങൾ സ്വമേധയാ അധിക ഇളവുകൾ നൽകി കുടിശ്ശിക പരമാവധി കുറയ്ക്കുവാൻ കഴിയുമെങ്കിൽ ഇതിനായി പ്രത്യേകം ഉപനിബന്ധനകൾ ടി കാലയളവിൽ നടപ്പാക്കാനായി തയ്യാറാക്കി ജില്ലാജനറൽ ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്. ടി ഉപനിബന്ധനകൾ സഹകരണസംഘത്തിന്റെ ആസ്തി കടബാധ്യതകളെ പ്രതികൂലമായി ബാധിക്കുകയില്ലായെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉറപ്പു വരുത്തേണ്ടതാണ്.

7) കാർഷിക ഗ്രാമ വികസന ബാങ്കുകളും ഹൗസിംഗ് സഹകരണ സംഘങ്ങളും ടി കാലയളവിൽ കുടിശ്ശിക നിവാരണ പദ്ധതി നടത്തേണ്ടതാണ്. ഇതിനായി കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കും/ഹൗസിംഗ് ഫെഡറേഷനും അതാതു മേഖലയ്ക്ക് അനുസൃതമായി ഒരു പദ്ധതി ആവിഷ്കരിച്ച് പിഴപലിശ, നോട്ടീസ് ചാർജ്ജ്, കേസ് ചെലവുകൾ ഒഴിവാക്കി പരമാവധി പലിശ കുറച്ച് വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്. ജീവനക്കാരുടെ സഹകരണ സംഘങ്ങളും പരമാവധി ഇളവുകൾ നൽകി നിഷ്ക്രിയ ആസ്തി 10% ത്തിൽ താഴെ കൊണ്ടു വരേണ്ടതാണ്.

8) ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികളിൽ തുടരുന്ന കേസുകളിന്മേൽ "പ്രത്യേകഅദാലത്തുകൾ" സംഘടിപ്പിച്ച് ദ്രുതഗതിയിൽ കേസുകൾ തീർപ്പാക്കാൻ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കീഴിൽ താലൂക്കു തലത്തിലും ജോയിന്റ് രജിസ്ട്രാർ (ജനറൽ)നേതൃത്വത്തിൽ ജില്ലാ തലത്തിലും നടപടി കൈകൊള്ളേണ്ടതാണ്. ടി കേസുകളിൽ പരമാവധി തുക പിരിച്ചെടുക്കുന്നതിന് നടപടി കൈകൊള്ളേണ്ടതാണ്. മരണമടഞ്ഞവരുടെപേരിലുള്ള വായ്പകൾ, മാരകരോഗം ബാധിച്ച് അവശനിലയിൽ കഴിയുന്നവരുടെ വായ്പകൾ എന്നിവയുടെ പട്ടിക പ്രത്യേകം തയ്യാറാക്കി സഹകരണ സംഘങ്ങൾ അദാലത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണ്.

9) ഈ പദ്ധതിയുടെ പ്രചരണം അച്ചടി, ഉച്ചഭാഷിണി ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ സഹായത്തോടെ എല്ലാ അംഗങ്ങളുടെയും വീടുകളിലം എത്തിക്കേണ്ടതും ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തി അവരെ വായ്പ കുടിശ്ശിക തീർക്കാൻ പ്രേരിപ്പിക്കേണ്ടതുമാണ്.

10) പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സഹകരണസംഘം തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും താഴെ പറയും പ്രകാരം കമ്മിറ്റികൾ രൂപീകരിയ്ക്കേണ്ട താണ്. കൂടാതെ നിയമസഭാംഗങ്ങൾ, ത്രിതല പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ സഹകാരികൾ എന്നിവരെ ഈപദ്ധതി സംബന്ധിച്ചകാര്യങ്ങൾ അറിയിക്കേണ്ടതാണ്. ഇതിനായി 2009 ജനുവരി 13-ാം തീയതിക്കു മുമ്പ് സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാർമാർ ജില്ലാ ബാങ്ക് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ അതാത് ജില്ലയിലെ സഹകരണ സംഘങ്ങളുടെ സെക്രട്ടറി/പ്രസിഡന്റ് ഉൾപ്പെടുന്നവരുടെ യോഗം വിളിച്ചു കൂട്ടി കുടിശ്ശിക നിലവാരം അവലോകനം ചെയ്യേണ്ടതും പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

11) ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കണക്കുകൾ ശേഖരിച്ച് അവലോകനം ചെയ്യുവാൻ 2 പ്രൊഫോർമകൾ ഇതോടൊപ്പംഉള്ളടക്കം ചെയ്യുന്നു. 31.12.2008 ലെ കുടിശ്ശിക കണക്കുകൾ 1-ാം നമ്പർ പ്രകാരം സഹകരണസംഘം/ ബാങ്ക് തലത്തിൽ ശേഖരിയ്ക്കേണ്ടതും 2-ാം നമ്പർപ്രകാരം വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളുടെ ജില്ലാതല ക്രോഡീകരണം നടത്തേണ്ടതുമാണ്. തുടർന്ന്, 2009 ഫെബ്രുവരി മാസത്തെ 6, 13, 20 എന്നീ വെള്ളിയാഴ്ചകളിൽ പുരോഗതി കൈവരിച്ച കണക്കുകളും 28.02.2009 - ലെ അന്തിമ കണക്ക് 2009 മാർച്ച് ആദ്യവാരത്തിൽ തന്നെ ജില്ലാ ജനറൽ ജോയിന്റ് രജിസ്ട്രാർമാർ 1-ഉം 2-ഉം പ്രൊഫോർമകളിൽ മേൽപ്പറഞ്ഞതീയതികളിലെ സ്ഥിതിവിവരക്കണക്കുകൾ ഉൾപ്പെടുത്തി നൽകേണ്ടതാണ്. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന അപ്പക്സ് ബാങ്കുകളുടെ കണക്കുകൾ രജിസ്ട്രാർ തലത്തിൽ ശേഖരിക്കുന്നതാണ്.

## സംഘം തലത്തിൽ

1. അതാത് സംഘം പ്രസിഡന്റ് (ചെയർമാൻ)
2. എല്ലാ കമ്മിറ്റി അംഗങ്ങളും
3. പഞ്ചായത്ത് പ്രസിഡന്റ്/വാർഡ് മെമ്പർമാർ
4. യൂണിറ്റ് ഇൻസ്പെക്ടർ
5. ആഡിറ്റർ
6. എ ആന്റ് ഇ ഇൻസ്പെക്ടർ/സെയിൽ ആഫീസർ
7. ജീവനക്കാരുടെ ഒരു പ്രതിനിധി
8. ചീഫ് എക്സിക്യൂട്ടീവ് (കൺവീനർ)

## താലൂക്ക് തലത്തിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കേണ്ടതാണ്

| | | | |
|---|---|---|---|
| 1. | ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ | - | ചെയർമാൻ |
| 2. | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | - | കൺവീനർ |
| 3. | അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) | - | ജോയിന്റ്കൺവീനർ |
| 4. | ശാഖാ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | - | അംഗം |
| 5. | എക്സിക്യൂട്ടീവ് ആഫീസർ, ജില്ലാ സഹകരണബാങ്ക് | - | അംഗം |
| 6. | ജില്ലാ സഹകരണ ബാങ്കിന്റെ ആ പ്രദേശത്തെ ഭരണസമിതി അംഗം | - | അംഗം |
| 7. | പ്രസിഡന്റ്, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് | - | അംഗം |
| 8. | പ്രാഥമിക ഹൗസിംഗ് സഹകരണസംഘം പ്രസിഡന്റുമാർ | - | അംഗം |
| 9. | വാല്യുവേഷൻ ആഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | - | അംഗം |
| 10. | താലൂക്ക് പ്രവർത്തന പരിധിയിലെ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | - | അംഗം |

## ജില്ലാതലത്തിൽ രൂപീകരിക്കേണ്ട കമ്മറ്റിയുടെ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | എം.എൽ.എ -മാർ | - | അംഗങ്ങൾ |
| 2. | പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് | - | ചെയർമാൻ |
| 3. | ജില്ലാ ബാങ്ക് പ്രസിഡന്റ് | - | അംഗം |
| 4. | ചെയർമാൻമാർ, സർക്കിൾ സഹകരണ യൂണിയൻ | - | അംഗം |
| 5. | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/സെക്രട്ടറി | - | അംഗം |
| 6. | സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസനബാങ്ക്/ ഹൗസിംഗ് ഫെഡറേഷൻ/അർബൻ ബാങ്കുകൾ എന്നിവയുടെ അതാത് ജില്ലാ പ്രതിനിധികൾ | - | അംഗം |
| 7. | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | - | കൺവീനർ |
| 8. | ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) | - | ജോയിന്റ്കൺവീനർ |
| 9. | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) | - | അംഗം |
| 10. | ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ | - | അംഗം |
| 11. | ജീവനക്കാരുടെ 3 പ്രതിനിധികൾ (അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ അതാത് ജില്ലാതല പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ്) | - | അംഗം |

## സംസ്ഥാനതല നിർവ്വാഹക സമിതി അംഗങ്ങൾ

| | | | |
|---|---|---|---|
| 1. | ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2. | സഹകരണ വകുപ്പ് സെക്രട്ടറി | - | അംഗം |
| 3. | സഹകരണസംഘം രജിസ്ട്രാർ | - | അംഗം |
| 4. | ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ | - | അംഗം |
| 5. | പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്ക് | - | അംഗം |
| 6. | പ്രസിഡന്റ്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | - | അംഗം |
| 7. | ചെയർമാൻ, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ | - | അംഗം |
| 8. | അർബൻ ബാങ്ക് ഫെഡറേഷൻ പ്രസിഡന്റ്/സെക്രട്ടറി | - | അംഗം |
| 9. | പി.എ.സി.എസ് അസോസിയേഷൻ പ്രസിഡന്റ്/സെക്രട്ടറി | - | അംഗം |
| 10. | മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക് | - | അംഗം |

11. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് - അംഗം
12. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ - അംഗം
13. അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്/ജനറൽ/കൺസ്യൂമർ/ഐ.സി.ഡി.പി) - അംഗങ്ങൾ
14. അഡീഷണൽ രജിസ്ട്രാർ (ആഡിറ്റ്) - കൺവീനർ
15. ഡെപ്യൂട്ടി രജിസ്ട്രാർ (ആഡിറ്റ്) - ജോയിന്റ്കൺവീനർ

ഈ പദ്ധതിയുടെ പുരോഗതി എല്ലാ വെള്ളിയാഴ്ചയും ജില്ലാ തലത്തിൽ അവലോകനം ചെയ്ത്സഹകരണസംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ജില്ലാ തലപ്രവർത്തനം ഏകോപിപ്പിച്ച് നടപ്പാക്കാൻ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഡെപ്യൂട്ടിരജിസ്ട്രാറെ ഈപദ്ധതിയുടെ ജില്ലാ നോഡൽ ആഫീസറായും സംസ്ഥാന തലത്തിൽ ആയതിന്റെ ചുമതല സഹകരണ സംഘം രജിസ്ട്രാറാഫീസിലെ അഡീഷണൽ രജിസ്ട്രാർ (ആഡിറ്റ്) നിർവ്വഹിക്കുന്നതുമാണ്.

(ഒപ്പ്)
റാണിജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
3. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ
4. മാനേജിംഗ്ഡയറക്ടർ/പ്രസിഡന്റ്, സംസ്ഥാനസഹകരണ കാർഷികഗ്രാമവികസന ബാങ്ക്.
5. മാനേജിംഗ് ഡയറക്ടർ/ചെയർമാൻ, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ
6. പ്രസിഡന്റ്, ജില്ലാ പഞ്ചായത്തുകൾ
7. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ
8. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയനുകൾ
9. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ
10. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ്. അസോസിയേഷൻ
11. എല്ലാ അസിസ്റ്റന്റ്ര ജിസ്ട്രാർ(ജനറൽ&ആഡിറ്റ്) വാല്യുവേഷൻ ആഫീസർമാർക്കും
12. ഈആഫീസിലെ എല്ലാഅഡീഷണൽരജിസ്ട്രാർമാർക്കും സെക്ഷനുകൾക്കും
13. രജിസ്ട്രാറുടെ മേശപ്പുറത്ത്/സ്പെയർ
14. സഹകരണ വീഥി, സഹകരണ ജേർണൽ
15. സ്റ്റോക്ക് ഫയൽ
16. സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ( ആഡിറ്റ്)

# പ്രൊഫോർമ I

## "കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം"

## ..................................ലെ കുടിശിക സ്റ്റേറ്റ്മെന്റ്

| ക്രം. നം. | സംഘത്തിന്റെ/ബാങ്കിന്റെ പേര് | ആകെ ............... ലെ വായ്പ ബാക്കി നിൽപ്പ് | | ................... ലെ ആകെ നിക്ഷേപം | വായ്പ കുടിശിക കണക്കുകൾ | | | | | | ആകെ കുടിശിക തുക | കുടിശിക ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | കാർഷികം | | കാർഷികേതരം | | പിഴ പലിശ | മറ്റ് ചെലവുകൾ | | |
| | | കാർഷികം | കാർഷികേതരം | | മുതൽ തുക | പലിശ തുക | മുതൽ തുക | പലിശ തുക | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

# പ്രൊഫോർമ II

## "കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം"

## .............................. ലെ ജില്ലാതല കുടിശിക സ്റ്റേറ്റ്മെന്റ്

| ക്ര. നം. | സംഘത്തിന്റെ/ബാങ്കിന്റെ പേര് | ആകെ .................. ലെ വായ്പ ബാക്കി നിൽപ്പ് | | .................. ലെ ആകെ നിക്ഷേപം | വായ്പ കുടിശിക കണക്കുകൾ | | | | | | ആകെ കുടിശിക തുക | കുടിശിക ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | കാർഷികം | | കാർഷികേതരം | | പിഴ പലിശ | മറ്റ് ചെലവുകൾ | | |
| | | കാർഷികം | കാർഷികേതരം | | മുതൽ തുക | പലിശ തുക | മുതൽ തുക | പലിശ തുക | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1. | ജില്ലാ സഹ. ബാങ്ക് | | | | | | | | | | | |
| 2. | പ്രാഥമിക കാർഷിക സഹ. സംഘങ്ങൾ | | | | | | | | | | | |
| 3. | അർബൻ സഹ. ബാങ്കുകൾ | | | | | | | | | | | |
| 4. | പ്രാഥമിക കാർഷിക വികസന ബാങ്കുകൾ | | | | | | | | | | | |
| 5. | കാർഷികേതര വായ്പ സഹ. സംഘങ്ങൾ | | | | | | | | | | | |
| 6. | ജീവനക്കാരുടെ സഹ. സംഘങ്ങൾ | | | | | | | | | | | |
| 7 | പ്രാഥമിക ഭവന സഹ. സംഘങ്ങൾ | | | | | | | | | | | |
| 8 | വായ്പാ വിതരണം നടത്തുന്ന മറ്റ് സഹ. സംഘങ്ങൾ. | | | | | | | | | | | |
| | ആകെ | | | | | | | | | | | |